# Athmaraksha.org

നമ്മുടെ കടമകളും ഉത്തരവാദിത്വങ്ങളും

## സ്ത്രീകളെ ബഹുമാനിക്കാത്ത സമൂഹം വന്ധ്യമാണ്



ലോകത്തിൽ സ്ത്രീകളുടെ വിലപ്പെട്ട സംഭാവനകളെ ചൂണ്ടിക്കാട്ടിക്കൊണ്ട് ലോകത്തിലെ എല്ലാ സ്ത്രീകൾക്കും പ്രത്യേക അഭിവാദ്യമർപ്പിച്ച് ഞായറാഴ്ച പോപ് സംസാരിച്ചു. സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ ഞായറാഴ്ച കൂടിച്ചേർന്ന ഏഞ്ച്ലസ് പ്രാർത്ഥനാവേളയിലാണ് പോപ് ഫ്രാൻസിസ് 'സ്ത്രീകളെ മാറ്റി നിറുത്തുന്ന ലോകം വന്ധ്യമായ ലോകമാണെന്ന്.' പറഞ്ഞത്.

ജീവന്റെ മേൽനോട്ടം വഹിക്കുന്ന ചുമതല മാത്രമല്ല സ്ത്രീകൾക്കുള്ളത്. കാര്യങ്ങളെ വ്യത്യസ്തമായ രീതിയിൽ കൈകാര്യം ചെയ്യാനുള്ള കാര്യപ്രാപ്തിയും ക്ഷമതയും സ്ത്രീകൾക്കുണ്ട്.

''ലോകത്തെ എല്ലാ കണ്ണുകളിലൂടെ കാണാനും ക്ഷമയോടെ പ്രവർത്തിക്കാനും മനസ്സറിഞ്ഞ് കാര്യങ്ങൾ ചെയ്യാനും സ്ത്രീകൾക്ക് പ്രത്യേകം കഴിവുണ്ട്.'' മാർച്ച് എട്ട് ലോകമാകമാനം സ്ത്രീകളുടെ ദിനമായി ആഘോഷിക്കുന്ന വേളയിലാണ് പോപ് ഇങ്ങനെ പറഞ്ഞത്. ഓരോ ദിവസവും ഓരോ മനുഷ്യജീവനും സ്വാഗതം നൽകുന്ന സ്ത്രീകൾക്കുവേണ്ടി അദ്ദേഹം തന്റെ വാക്കുകൾ സമർപ്പിക്കുകയും ചെയ്തു.